റിസർവ് വനങ്ങളുണ്ട്. (ചെക്കോണം, നീരേശ്വരം, കോടശ്ശേരി, ക്ലമ്പൽ മേടിപ്പാടം, തെരുവംതോടം എന്നീ സ്ഥലങ്ങളിൽ).

(സി) ഉണ്ട്.

(ഡി) അല്ല.

(ഇ) ഉണ്ട്. ഗവണ്മെൻറിന്റെ അനേഷണത്തിലിരിക്കുകയാണ്.

ഇറിഗേഷൻ പദ്ധതി അനുവദിക്കുന്നതിനുള്ള കാലതാമസം.

* 91. [31] ശ്രീ. കെ. പി. ഹാർമിസ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു മൈനർ ഇറിഗേഷൻ പദ്ധതി ഇൻവെസ്റ്റിഗേറ്റ ചെയ്ത്, എസ്റ്റിമേറ്റ തയാറാക്കി, ചെക്കുചെയ്ത് ഗവണ്മെൻറനുവാദത്തിനായി അയയ്ക്കുന്നതിനു സാധാരണ ഗതിയിൽ എത്ര കാലതാമസം വേണ്ടി വരും;

(ബി) ചാലക്കുടി കമ്മ്യൂണിറ്റി പ്രോജക്റ്റിൽ നിന്നും നിർദ്ദേശിച്ച നീലീശ്വരം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി എന്നു ഇൻവസ്റ്റിഗേഷൻ ആരംഭിച്ചു; എന്നു പൂർത്തിയായി; ഒറിജിനൽ എസ്റ്റിമേറ്റ തയാറാക്കുന്നതിനു എത്ര സമയം വേണ്ടിവന്നു; എസ്റ്റിമേറ്റ് പഞ്ചായത്ത് സബ് ഡിവിഷനാഫീസിലും പഞ്ചായത്ത് എക്സിക്യൂട്ടീവ് ആഫീസിലും ചെക്കു ചെയ്യുന്നതിനു എത്ര കാലം വേണ്ടിവന്നു; ഇപ്പോൾ ഏതു നിലയിൽ നിൽക്കുന്നു?

തദ്ദേശ സ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) സാധാരണ ഗതിയിൽ വേറെ എസ്റ്റിമേറ്റ തയാറാക്കുന്ന ജോലിയോ മറ്റു വല്ല അടിയന്തിര ജോലികളോ ഇല്ലെങ്കിൽ ഒരു മൈനർ ഇറിഗേഷൻ പദ്ധതി ഇൻവെസ്റ്റിഗേറ്റ ചെയ്ത്, എസ്റ്റിമേറ്റ തയാറാക്കി ചെക്കുചെയ്ത് ഗവണ്മെൻറനുവാദത്തിനു അയയ്ക്കുന്നതിനു ഉദ്ദേശം മൂന്നു മാസക്കാലം വേണ്ടിവരും.

(ബി) ചാലക്കുടി കമ്മ്യൂണിറ്റി പ്രോജക്റ്റിൽനിന്നും നിർദ്ദേശിച്ച നീലീശ്വരം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ ഇൻവെസ്റ്റിഗേഷൻ 1955 ജനുവരിയിൽ ആരംഭിച്ചു. പൂർത്തിയായിട്ടില്ല. ചില സാങ്കേതിക തടസ്സങ്ങൾ കാരണം ഈ ഇൻവെസ്റ്റിഗേഷൻ നടന്നുകൊണ്ടിരിക്കുന്നതേയുള്ളു.

പ്രൊഹിബിഷൻ എൻക്വയറി കമ്മിറ്റി.

* 92. [32] ശ്രീ. എൻ. ജി. ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻഡ്യാ ഗവണ്മെൻറിൽ നിന്നും നിയമിച്ചിട്ടുള്ള പ്രൊഹിബിഷൻ എൻക്വയറി കമ്മിറ്റി ഈ സംസ്ഥാനം സന്ദർശിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly